**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5880** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ ലൈസൻസുകൾ എടുക്കുന്നതിന് മൂന്നര വർഷം വരെ ഇളവ് അനുവദിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സ്ഥാപനങ്ങൾക്ക് ഏതൊക്കെ ലൈസൻസുകൾ എടുക്കുന്നതിനാണ് മൂന്നര വർഷം വരെ ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കെട്ടിട നമ്പർ ലഭിയ്ക്കാത്ത കെട്ടിടത്തിൽ ഇപ്രകാരം സംരംഭം തുടങ്ങുന്നതിന് സാധിക്കുമോ; വിശദമാക്കാമോ? | (എ) | 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനാനുമതി ഉൾപ്പെടെയുള്ള സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്നാണ് മൂന്ന് വർഷം 6 മാസത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുള്ളത്. ഈ നിയമ പ്രകാരം ലഭിക്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിയ്ക്കാത്ത കെട്ടിടത്തിൽ സംരംഭം തുടങ്ങുന്നതിന് സാധിക്കുന്നതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി ഉപയോഗിക്കാവുന്നതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്.<br><br>സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) സ്ഥാപനം, പ്രവർത്തനം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയ നിയമമാണ് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം. പ്രസ്തുത നിയമത്തിൻ്റെ സെക്ഷൻ 10(2) പ്രകാരം, താഴെ പറയുന്ന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ നേടുന്നതിൽ നിന്നാണ് മൂന്നര വർഷത്തേക്ക് ഇളവുകൾ ലഭിക്കുന്നത്.<br><br>1.കേരള പഞ്ചായത്ത് രാജ് നിയമം,1994<br><br>2.കേരള മുനിസിപ്പാലിറ്റി നിയമം, 1994 |

| | | | |
|---|---|---|---|
| | | | 3.കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമം 1960<br><br>4.കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് നിയമം, 2013<br><br>5.തിരുവിതാംകൂർ – കൊച്ചിൻ പബ്ലിക് ഹെൽത്ത് നിയമം, 1955<br><br>6.മദ്രാസ് പബ്ലിക് ഹെൽത്ത് നിയമം, 1939<br><br>മുകളിൽ പരാമർശിച്ചിരിക്കുന്ന നിയമത്തിന് കീഴിലുള്ള അനുമതികൾ എടുക്കുന്നതിൽ നിന്നും മൂന്ന് വർഷം 6മാസത്തേക്ക് ഇളവുകൾ ലഭിക്കുന്ന വേളയിലും, കെട്ടിട നിർമ്മാണം, സംരംഭത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നിർവഹിക്കാൻ സംരംഭകർ ബാധ്യസ്ഥരാണ്.<br><br>അതേസമയം, കെട്ടിട നമ്പരിനായി അപേക്ഷ സമർപ്പിച്ചതിന് ശേഷം കെട്ടിട നമ്പർ ലഭിക്കാതെ വരുന്നത്, ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം അപേക്ഷകൻ പാലിക്കേണ്ട മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണ വേളയിൽ പാലിക്കാത്തതുമൂലമാവാം. മുകളിൽ പരാമർശിച്ചിരിക്കുന്ന നിയമത്തിന് കീഴിലുള്ള അനുമതികൾ എടുക്കുന്നതിൽ നിന്നും മൂന്നര വർഷത്തേക്ക് ഇളവുകൾ ലഭിക്കുന്ന വേളയിലും, കെട്ടിട നിർമ്മാണം, സംരംഭത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നിർവഹിക്കാൻ സംരംഭകർ ബാധ്യസ്ഥരാണ്. ഇപ്രകാരം നിയമത്തിൽ പറഞ്ഞി രിക്കുന്ന വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് അപേക്ഷകൻ സത്യപ്രസ്താവന നൽകിയതിന് ശേഷമാണ് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നല്കുന്നത്. യഥാർത്ഥ വസ്തുതകളും, സംരംഭകൻ സമർപ്പിക്കുന്ന സത്യപ്രസ്താവനയും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ, സാക്ഷ്യപത്രം റദ്ദുചെയ്യുവാനും, അഞ്ചു ലക്ഷം രൂപ വരെ സംരംഭകരിൽ നിന്നും പിഴ ഈടാക്കാനും, പ്രസ്തുത നിയമത്തിലെ സെക്ഷൻ 8 പ്രകാരം, സർക്കാരിന് അധികാരവുമുണ്ട്. |

സെക്ഷൻ ഓഫീസർ